ഉത്തരം

(എ) പഞ്ചായത്ത് തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

അഴിയൂർ	-	69
ചോറോട്	-	72
ഒഞ്ചിയം	-	26
ഏറാമല	-	28
വില്ല്യാപ്പള്ളി	-	73

(ബി) സ്വന്തമായി റേഷൻകാർഡ് ഇല്ലാത്ത അർഹരായ ഗുണഭോക്താക്കളെ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മൂവാറ്റുപുഴ മണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതി

166 (4790) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ മണ്ഡലത്തിൽ ഇ. എം. എസ്. ഭവന പദ്ധതി പ്രകാരം ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂവാറ്റുപുഴ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത് ഗുണഭോക്താക്കളുടെ എണ്ണം

ആരക്കുഴ	-	126
ആവോലി	-	190
മാറാടി	-	96
പായിപ്ര	-	919
വാളകം	-	180
മഞ്ഞള്ളൂർ	-	98
കല്ലൂർക്കാട്	-	373
കുത്താട്ടുകുളം	-	424
പാലക്കുഴ	-	416
ഇലഞ്ഞി	-	366
മൂവാറ്റുപുഴ. നഗരസഭ	-	407
ആകെ	-	3595

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂവാറ്റുപുഴ മണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച വീടുകളുടെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത്		പൂർത്തീകരിച്ച വീടുകളുടെ എണ്ണം
ആരക്കുഴ	-	0
ആവോലി	-	1
മാറാടി	-	5
പായിപ്ര	-	6
വാളകം	-	2
മഞ്ഞള്ളൂർ	-	0
കല്ലൂർക്കാട്	-	0
കൂത്താട്ടുകുളം	-	5
പാലക്കുഴ	-	6
ഇലഞ്ഞി	-	9
ആകെ	-	34

ഐ.എ.വൈ. പദ്ധതിയിൽ വീട് ലഭിക്കാൻ സഹായം

167 (4791) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ പദ്ധതിയിൻകീഴിൽ ഈ വർഷം സംസ്ഥാനത്തിന് എത്ര വീടുകൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) വീടൊന്നിന് ലഭിക്കുന്ന കേന്ദ്ര സഹായം എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഐ. എ. വൈ. ഗുണഭോക്താക്കൾക്കും ഇ. എം. എസ്. ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകുന്ന ധനസഹായം നൽകുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) അധിക വിഭവസമാഹരണം എങ്ങനെയാണ് നടത്തുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പു വർഷം 55084 വീടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly